**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 315** **03-03-2023 - ൽ മറുപടിയ്ക്ക്**

**രോഗികളുടെ വർദ്ധനവിന് ആനുപാതികമായി ജീവനക്കാരെ നിയമിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ല-താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ചികിത്സക്കായി എത്തുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | **സർക്കാർ മെഡിക്കൽ കോളേജ്, ജില്ലാ -താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.** |
| (ബി) | രോഗികളുടെ വർദ്ധനവിന് ആനുപാതികമായി ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിബന്ധനയും ചികിത്സയും അടിസ്ഥാനപ്പെടുത്തിയാണ് ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്. 2016 മുതൽ സംസ്ഥാനത്തെ മെഡിക്കൽ-നഴ്സിംഗ് ദന്തൽ കോളേജുകളിലായി 4,719തസ്തികകൾ നാളിതുവരെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br><br>ആർദ്രം സ്റ്റാൻഡർഡൈസേഷൻ മാർഗ്ഗരേഖ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട താലൂക്ക്തല ആശുപത്രികളിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി, ഓഫ്ത്താൽമോളജി, ഡെർമറ്റോളജി, ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ, സൈക്യാട്രി, ഡെന്റൽ സർജൻ തുടങ്ങിയ സ്പെഷ്യാലിറ്റിസേവനങ്ങൾ ഉൾപ്പെടുന്നു. ഇവ കൂടാതെ ജില്ലാതല ആശുപത്രികളിൽ റെസ്പിറേറ്ററി മെഡിസിൻ, റേഡിയോ ഡയഗ്നോസിസ്, റേഡിയോതെറാപ്പി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ തുടങ്ങിയ വിഭാഗങ്ങളും ഉൾപ്പെടുന്നു. ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, യൂറോളജി എന്നീ സൂപ്പർസ്പെഷ്യാലിറ്റി വിഭാഗങ്ങളും ഫോറൻസിക് മെഡിസിൻ വിഭാഗവും ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ആർദ്രം മിഷന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ജില്ലാ/ജനറൽ/ താലൂക്ക് ആശുപത്രികളിലായി 610 വിവിധ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II, ഡെന്റൽ അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകളും ജില്ലാ ആശുപത്രി കാഞ്ഞങ്ങാടും ജനറൽ ആശുപത്രി കാസർഗോഡും ന്യൂറോളജിസ്റ്റിന്റെ ഓരോ തസ്തികകളും പുനലൂർ താലൂക്കാശുപത്രിയിൽ 17 തസ്തികകളും റാന്നി താലൂക്കാശുപത്രിയിൽ 12 തസ്തികകളും പീരുമേട് താലൂക്ക് ആശുപത്രിയിൽ 1 ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തികയും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് വിഭാഗത്തിൽ 1 ജൂനിയർ കൺസൾട്ടന്റ് തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സമഗ്ര പാക്കേജിന്റെ ഭാഗമായി ആരോഗ്യവകുപ്പിന് കീഴിലുള്ള താലൂക്ക്/ ജില്ലാ/ ജനറൽ ആശുപത്രികളിൽ വിവിധ വിഭാഗങ്ങളിലായി 300 അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | വർദ്ധിച്ച് വരുന്ന രോഗികളുടെ എണ്ണത്തിനനുസരിച്ച് അവർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി അംഗീകൃത തസ്തികകളിലെ സ്ഥിരം നിയമനങ്ങൾക്ക് പുറമെ ആശുപത്രി വികസന സമിതി (HDS), കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), നാഷണൽ ഹെൽത്ത് മിഷൻ തുടങ്ങിയവ വഴിയും, കരാർ/ദിവസ വേതനാടിസ്ഥാനത്തിലും ജീവനക്കാരെ നിയോഗിച്ച് വരുന്നുണ്ട്**.** അതോടൊപ്പം മെഡിക്കൽ കോളേജുകളിൽ ജൂനിയർ റസിഡന്റുമാർ**,** സീനിയർ റസിഡന്റുമാർ എന്നിവരെ നിയോഗിച്ചും രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നതു കൂടാതെ ബോണ്ടഡ് സ്റ്റാഫ് നഴ്സിനെ കാലാകാലങ്ങളിൽ നിയോഗിച്ചുകൊണ്ടും രോഗികളുടെ എണ്ണത്തിൽ ബാഹുല്യം ഉണ്ടെങ്കിലും മെച്ചപ്പെട്ട രോഗീ പരിചരണം നൽകാൻ സാധിക്കുന്നുണ്ട്**.** |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*315 03.03.2023 ൽ മറുപടിക്ക്

**രോഗികളുടെ വർദ്ധനവിന് ആനുപാതികമായി ജീവനക്കാരെ നിയമിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ . എൻ . ഷംസുദ്ദീൻ<br>ശ്രീ. കെ. പി. എ. മജീദ്<br>ശ്രീ . പി . ഉബൈദുള്ള | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ല-താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ചികിത്സക്കായി എത്തുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സർക്കാർ മെഡിക്കൽ കോളേജ്, ജില്ലാ -താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | രോഗികളുടെ വർദ്ധനവിന് ആനുപാതികമായി ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിബന്ധനയും ചികിത്സയും അടിസ്ഥാനപ്പെടുത്തിയാണ് ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്. 2016 മുതൽ സംസ്ഥാനത്തെ മെഡിക്കൽ-നഴ്സിംഗ് ദന്തൽ കോളേജുകളിലായി 4,719 തസ്തികകൾ നാളിതുവരെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br>ആർദ്രം സ്റ്റാൻഡർഡൈസേഷൻ മാർഗ്ഗരേഖ പ്രകാരം തിരഞ്ഞെടുക്കപ്പെട്ട താലൂക്ക്തല ആശുപത്രികളിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി, ഓഫ്ത്താൽമോളജി, ഡെർമറ്റോളജി, ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ, സൈക്യാട്രി, ഡെന്റൽ സർജൻ തുടങ്ങിയ സ്പെഷ്യാലിറ്റിസേവനങ്ങൾ ഉൾപ്പെടുന്നു. ഇവ കൂടാതെ ജില്ലാതല ആശുപത്രികളിൽ റെസ്പിറേറ്ററി മെഡിസിൻ, റേഡിയോ ഡയഗ്നോസിസ്, റേഡിയോതെറാപ്പി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ തുടങ്ങിയ വിഭാഗങ്ങളും ഉൾപ്പെടുന്നു. ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി, യൂറോളജി എന്നീ സൂപ്പർസ്പെഷ്യാലിറ്റി വിഭാഗങ്ങളും ഫോറൻസിക് മെഡിസിൻ വിഭാഗവും ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു.<br>ആർദ്രം മിഷന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ജില്ലാ/ജനറൽ/ താലൂക്ക് ആശുപത്രികളിലായി 610 വിവിധ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II, ഡെന്റൽ അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകളും ജില്ലാ ആശുപത്രി കാഞ്ഞങ്ങാടും ജനറൽ ആശുപത്രി കാസർഗോഡും ന്യൂറോളജിസ്റ്റിന്റെ ഓരോ തസ്തികകളും പുനലൂർ താലൂക്കാശുപത്രിയിൽ 17 തസ്തികകളും റാന്നി താലൂക്കാശുപത്രിയിൽ 12 തസ്തികകളും പീരുമേട് താലൂക്ക് ആശുപത്രിയിൽ 1 ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തികയും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് വിഭാഗത്തിൽ 1 ജൂനിയർ കൺസൾട്ടന്റ് തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സമഗ്ര പാക്കേജിന്റെ ഭാഗമായി ആരോഗ്യവകുപ്പിന് കീഴിലുള്ള താലൂക്ക്/ ജില്ലാ/ ജനറൽ ആശുപത്രികളിൽ വിവിധ വിഭാഗങ്ങളിലായി 300 അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | വർദ്ധിച്ച് വരുന്ന രോഗികളുടെ എണ്ണത്തിനനുസരിച്ച് അവർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി അംഗീകൃത തസ്തികകളിലെ സ്ഥിരം നിയമനങ്ങൾക്ക് പുറമെ ആശുപത്രി വികസന സമിതി (HDS), കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), നാഷണൽ ഹെൽത്ത് മിഷൻ തുടങ്ങിയവ വഴിയും, കരാർ/ദിവസ വേതനാടിസ്ഥാനത്തിലും ജീവനക്കാരെ നിയോഗിച്ച് വരുന്നുണ്ട്. അതോടൊപ്പം മെഡിക്കൽ കോളേജുകളിൽ ജൂനിയർ റസിഡന്റുമാർ, സീനിയർ റസിഡന്റുമാർ എന്നിവരെ നിയോഗിച്ചും രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നു. കൂടാതെ ബോണ്ടഡ് സ്റ്റാഫ് നഴ്സിനെ കാലാകാലങ്ങളിൽ നിയോഗിച്ചുകൊണ്ടും രോഗികളുടെ എണ്ണത്തിൽ ബാഹുല്യം ഉണ്ടെങ്കിലും മെച്ചപ്പെട്ട രോഗീ പരിചരണം നൽകാൻ സാധിക്കുന്നുണ്ട്. |

Hari

സെക്ഷൻ ഓഫീസർ